നമ്പർ. കെ-2/16076/റ്റി.സി./2015


**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14.

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in]


തീയതി, 05.08.2015

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് ഓഫീസർമാർ
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്* — ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപസമാഹരണം 2015-16 — സംബന്ധിച്ച്.

സൂചന :-
1. 10.07.2015 തീയതിയായ ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതിയുടെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 5421/ദേ.സ.പ.ബി2/2015/ധന.
2. 28.05.2015 തീയതിയായ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5183/2015/ധന.

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചനപ്രകാരം, ദേശീയ സമ്പാദ്യപദ്ധതി നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി, നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തെ വിവിധവകുപ്പുകളെ സഹകരിപ്പിച്ചുകൊണ്ട് ദേശീയ സമ്പാദ്യപദ്ധതി വകുപ്പുവഴി കുറഞ്ഞത് 10,000/- കോടി രൂപയെങ്കിലും മൊത്ത നിക്ഷേപമായും, 1000/- കോടി രൂപയെങ്കിലും മിച്ച നിക്ഷേപമായും സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി, എല്ലാ ജില്ലാ ഓഫീസർമാരും, ജില്ലാ കളക്ടർ നിശ്ചയിച്ചു നൽകുന്ന നിക്ഷേപ സമാഹരണലക്ഷ്യം നേടുന്നതിന് ആത്മാർത്ഥമായി സഹകരിക്കാൻ നിർദ്ദേശിക്കുന്നു. വിവിധ ജില്ലകൾക്ക് നിക്ഷേപ സമാഹരണ ലക്ഷ്യം നിശ്ചയിച്ചു നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
സീനിയർ ഫിനാൻസ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

10/8/15

സീനിയർ സൂപ്രണ്ട്.